"ഭരണഭാഷ - മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്- ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി - വിവിധ ഗ്രൂപ്പുകളിലുള്ള സർക്കാർ ജീവനക്കാരുടെ ശമ്പള സ്കെയിൽ പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിനനുസൃതമായി പുന:ക്രമീകരിച്ചു കൊണ്ടും - പ്രതിമാസ വരിസംഖ്യയുടെ കുറഞ്ഞ / പരമാവധി നിരക്കുകൾ പുതുക്കി നിശ്ചയിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (ജി.ഐ.എസ്) വകുപ്പ്**

**സ.ഉ.(അച്ചടി )നം.156/2021/ധന.** **തീയതി, തിരുവനന്തപുരം,26/11/2021**

പരാമർശം :- 1) 09/08/1984-ലെ സ.ഉ (പി) നം.392/1984/ധന
2) 21/04/2010-ലെ സ.ഉ (പി) നം.249/2010/ധന
3) 01/08/2016-ലെ സ.ഉ (പി) നം.112/2016/ധന
4) 10/02/2021-ലെ സ.ഉ (പി) നം. 27/2021/ധന
5) ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ 01/08/2016-ലെ ഇൻഷ/ഡി.വി3/ടി 002103253 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള സ്കെയിലുകൾ പരിഷ്കരിച്ച് പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിനെ തുടർന്ന്, പരാമർശം (3) ഉത്തരവിൽ പറയുന്ന വിവിധ ഗ്രൂപ്പുകളിലുള്ള സർക്കാർ ജീവനക്കാരുടെ ശമ്പള സ്കെയിലുകൾ പരാമർശം (4) പ്രകാരമുള്ള പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിനനുസൃതമായി പുന:ക്രമീകരിച്ച്, ആയതിനു ആനുപാതികമായി ജി.ഐ.എസ് പ്രതിമാസ വരിസംഖ്യയുടെ കുറഞ്ഞ/ പരമാവധി നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിലേയ്ക്കായി കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ പരാമർശം (5) പ്രകാരം സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) പ്രകാരമുള്ള 'ഗ്രൂപ്പ് ഇൻഷ്വറൻസ് ചട്ടങ്ങൾ 2010' ലെ ചട്ടം 5 (3) ലെ ' വരിക്കാരന് പരമാവധി എടുക്കാവുന്ന യൂണിറ്റുകളുടെ എണ്ണം കുറഞ്ഞ നിരക്കിന്റെ രണ്ട് മടങ്ങാകാമെന്ന' വ്യവസ്ഥയിൽ ഇളവ് നൽകി, പരാമർശം (3) ഉത്തരവിൽ പറയുന്ന വിവിധ ഗ്രൂപ്പുകളിലുള്ള സർക്കാർ ജീവനക്കാരുടെ ശമ്പള സ്കെയിലുകൾ താഴെ പറയും പ്രകാരം പുന:ക്രമീകരിച്ചു കൊണ്ടും ആയതിനു ആനുപാതികമായി ജി.ഐ.എസ് പ്രതിമാസ വരിസംഖ്യയുടെ കുറഞ്ഞ / പരമാവധി നിരക്കുകൾ പുതുക്കി നിശ്ചയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ശമ്പള സ്കെയിൽ | പ്രതിമാസ വരിസംഖ്യ നിരക്ക് | | |
|---|---|---|---|
| | ഗ്രൂപ്പ് | കുറഞ്ഞ നിരക്ക് | പരമാവധി നിരക്ക് |
| 77200 -140500 മുതൽ മേലോട്ട് | എ | 1500 | 2000 |
| 50200 -105300 മുതൽ<br>77200 -140500 ന് താഴെ | ബി | 1000 | 2000 |
| 23700 -52600 മുതൽ<br>50200 -105300 ന് താഴെ | സി | 800 | 1600 |
| 23700 -52600 ന് താഴെ | ഡി | 400 | 800 |

ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ബാധകമായ സർക്കാർ ജീവനക്കാർ അല്ലാത്ത വിഭാഗത്തിലുള്ള / സർക്കാർ ജീവനക്കാരിൽ ഉൾപ്പെടുന്നതും എന്നാൽ പൊതുവായ ശമ്പള പരിഷ്കരണ വ്യവസ്ഥകളിൽ നിന്നും വ്യത്യസ്ഥമായ ശമ്പളഘടനയുള്ള, എല്ലാ ജീവനക്കാർക്കും വരിസംഖ്യയുടെ ഏറ്റവും കുറഞ്ഞ പ്രതിമാസ നിരക്ക് "പ്രതിമാസ വരുമാനത്തിന്റെ" 1.5 ശതമാനമായി നിശ്ചയിക്കുന്നു. "പ്രതിമാസ വരുമാനം" എന്നത് അടിസ്ഥാന ശമ്പളം, പേർസണൽ പേ, സ്പെഷ്യൽ പേ, ഗ്രേഡ് പേ, ക്ഷാമ ബത്ത എന്നിവയുടെ ആകെ തുകയായിരിക്കും. പ്രതിമാസവരുമാനത്തിന്റെ 1.5 ശതമാനത്തിനെ നൂറിന്റെ ഗുണിതമായി മുകളിലേയ്ക്ക് റൗണ്ട് ചെയ്ത് നിർണ്ണയിക്കേണ്ടതാണ്. പരമാവധി വരിസംഖ്യ 2000/- (രണ്ടായിരം രൂപ മാത്രം) എന്ന വ്യവസ്ഥയക്ക് വിധേയമായി ഇത്തരത്തിൽ നിശ്ചയിക്കുന്ന തുകയുടെ രണ്ട് മടങ്ങ് വരെ പ്രസ്തുത ജീവനക്കാർക്ക് പ്രതിമാസ വരിസംഖ്യയായി അടയ്ക്കാവുന്നതാണ്.

പദ്ധതിയിൽ ഒടുക്കുന്ന വരിസംഖ്യ പ്രതിമാസം 10 രൂപ വീതമുള്ള ഓരോ യൂണിറ്റുകളായി കണക്കാക്കുന്ന നിലവിലെ രീതി തുടരുന്നതാണ്. പരാമർശം (2) പ്രകാരമുള്ള 'ഗ്രൂപ്പ് ഇൻഷ്വറൻസ് ചട്ടങ്ങൾ 2010' ലെ ചട്ടം 5 (3) ലെ 'അധിക യൂണിറ്റുകൾ എടുക്കുന്നതിനുള്ള സമയം എല്ലാ വർഷവും സെപ്റ്റംബർ മാസമായിരിക്കും' എന്ന വ്യവസ്ഥയിൽ 2021 വർഷത്തേയ്ക്ക് മാത്രം ഇളവ് നൽകി, നിലവിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ എല്ലാ ജീവനക്കാരും 2021 ഡിസംബർ മാസത്തെ ശമ്പളത്തിൽ നിന്ന് തന്നെ പരിഷ്കരിച്ച നിരക്കുകളിലേയ്ക്ക് നിർബന്ധമായും മാറേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ബാധകമായ എല്ലാ ജീവനക്കാരും 2021 ഡിസംബർ മാസത്തെ ശമ്പള ബില്ലിൽ നിന്ന് പരിഷ്കരിച്ച നിരക്കിലുള്ള പ്രീമിയം ഒടുക്കുന്നുവെന്ന് ബന്ധപ്പെട്ട ഡി.ഡി.ഒ മാർ ഉറപ്പുവരുത്തേണ്ടതാണ്.

സർക്കാർ ജീവനക്കാരുടെ 'ഗ്രൂപ്പ് ഇൻഷ്വറൻസ് ചട്ടങ്ങളിൽ (2010)', ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആവശ്യമായി വരുന്ന ഭേദഗതികൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**സഞ്ജയ് എം കൗൾ**
**ധനകാര്യ എക്സ്പെൻഡീച്ചർ സെക്രട്ടറി**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് -II), കേരള, തിരുവനന്തപുരം.

എല്ലാ വകുപ്പ് മേധാവികൾക്കും, ഓഫീസുകൾക്കും.

സെക്രട്ടേറിയറ്റിലെ എല്ലാ സെക്ഷനുകൾക്കും.

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.

ഇൻഷ്വറൻസ് ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ ജില്ലാ ഇൻഷ്വറൻസ് ഓഫീസർമാർക്കും.

രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല , വെള്ളാനിക്കര.

രജിസ്ട്രാർ, ശ്രീ.ശങ്കര സംസ്കൃത സർവ്വകലാശാല, കാലടി.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.

സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, തിരുവനന്തപുരം.

ഡയറക്ടർ, പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.

എല്ലാ ഗവൺമെന്റ് സെക്രട്ടറിമാർക്കും/ അഡീഷണൽ സെക്രട്ടറിമാർക്കും/ ജോയിന്റ് സെക്രട്ടറിമാർക്കും/ ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/ അണ്ടർ സെക്രട്ടറിമാർക്കും.

ഗവർണ്ണറുടെ സെക്രട്ടറിയ്ക്ക്.

മുഖ്യ വിവരാവകാശ കമ്മീഷണർ.

മുഖ്യമന്ത്രിയുടെയും, മറ്റ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ഗവൺമെന്റ് ചീഫ് വിപ്പ്, എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ.

വെബ് &ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്.

സ്പാർക്ക്, ഒന്നാം നില, ഡി.പി.സി. ബിൽഡിംഗ്, കേരള യൂണിവേഴ്സിറ്റി ക്യാംപസ്സ് പാളയം, തിരുവനന്തപുരം.

നോഡൽ ഓഫീസർ (www.finance.kerala.gov.in)

കരുതൽ ഫയൽ/ഓഫീസ് കോപ്പി. *(File No.GIS-3/45/2021/Fin).*

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**